# അടുക്കം വാർത്തകൾ



## ഗവ.ഹൈസ്കൂൾ കാലിച്ചാനടുക്കം

JUNE 2025 VOLUME 2

### വേസ്റ്റ് ടു ആർട്ട്

പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് പാഴ് വസ്തുക്കൾ വലിച്ചെറിഞ്ഞ് പരിസര മലിനീകരണം ഉണ്ടാക്കുന്നതിന് എതിരെ കുട്ടികളിൽ അവബോധം വളർത്തുന്നതിന് പാഴ് വസ്തുക്കളിൽ നിന്ന് കരകൗശല വസ്തുക്കൾ ഉണ്ടാക്കി പ്രദർശിപ്പിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കി. കുട്ടികൾ നിർമ്മിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിച്ചു.











### ദാമോദരൻ മാസ്റ്റർ എൻഡോവ്മെന്റ്.

കുട്ടമത്ത് ഗവ.ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനായിരുന്ന ശ്രീ എൻ കെ ദാമോദരൻ മാസ്റ്ററുടെ ഓർമ്മയ്ക്കായി നടത്തിയ ഗണിത ക്വിസ്സ് മത്സരത്തിൽ എൽവിന മറിയ ജോർജ്ജ്, ഡാനിയ മെറിൻ സിജു എന്നിവരടങ്ങിയ ടീം മൂന്നാം സ്ഥാനം നേടി.




### ആരോഗ്യം വ്യായാമം കായികക്ഷമത

ജൂൺ 9 ന് ആരോഗ്യം വ്യായാമം കായിക ക്ഷമതാ എന്ന വിഷയത്തിൽ വിജയലക്ഷ്മി ടീച്ചർ ജസ്ന ടീച്ചർ എന്നിവർ ക്ലാസ് കൈകാര്യം ചെയ്തു. ആരോഗ്യത്തിന് 3 ഘടകങ്ങളായ ശരീരരോഗ്യം മാനസികാരോഗ്യം സമൂഹ ആരോഗ്യം ഇവ എന്താണെന്നും ശരിയായ ആരോഗ്യ ശീലങ്ങളെ കുറിച്ചും കുട്ടികളിൽ ധാരണയുണ്ടാക്കി.

## വായനാദിനാചരണം

2025 ലെ വായനാദിനാചരണം മികവാർന്ന പരിപാടികളോട് സംഘടിപ്പിച്ചു പരിപാടികളുടെ ഉദ്ഘാടനം കവി വിനു വേലേശ്വരം ഉദ്ഘാടനം ചെയ്തു ലഹരിക്ക് അടിമപ്പെട്ട് മരണത്തെ മുഖാമുഖം കണ്ട അവസ്ഥയിൽ പുസ്തകങ്ങൾ തന്നെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തിയ അദ്ദേഹത്തിൻറെ അനുഭവ കഥ കുട്ടികൾക്ക് നല്ല അനുഭവമായി പരിപാടിയിൽ സ്കൂൾ ഹെഡ്മാസ്റ്റർ വായനാദിന സന്ദേശം പകർന്നു നൽകി.

ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയായ പാർവണ വായനാദിന പ്രതിജ്ഞ ചൊല്ലി കൊടുത്തു അനഘ എ എം പി എൻ പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി വിഭാഗത്തിൽ സൈനുൽ ആബിദ് സംസാരിച്ചു യുപിയിലെ ഋഷിക കഥാപാത്ര ആവിഷ്കാരം നടത്തി. അമേയ കഥ അവതരിപ്പിച്ചു. സുഗതകുമാരിയുടെ കൃഷ്ണ നീയെന്നെ അറിയില്ല എന്ന കവിതയുടെ നൃത്താവിഷ്കാരം വിദ്യാർത്ഥികൾ അവതരിപ്പിച്ചത് ശ്രദ്ധേയമായി. വേദിക്ക് മുന്നിൽ ആയി സ്ഥാപിച്ച വായനാമരം കൗതുകമുണർത്തി. ഇഷാനി ശ്രീജിത്ത് സ്വാഗതവും വിദ്യാരംഗം കൺവീനർ അനിത ടീച്ചർ നന്ദിയും പറഞ്ഞു



## എൽ പി വിഭാഗം കുട്ടികൾക്കായി വായന ചങ്ങാത്തം

വായനാദിനത്തിൽ ഉച്ചയ്ക്ക് 2 മണിക്ക് എൽ പി വിഭാഗം കുട്ടികളുമായി ആടിയും പാടിയും പ്രശസ്ത മോട്ടിവേറ്ററും കലാ സാംസ്കാരിക പ്രവർത്തകനുമായ ശ്രീ ബാലചന്ദ്രൻ കൊട്ടോടി. നുറുങ്ങ് കഥ കളിലൂടെയും, കവിതകളിലൂടെയും, മാജിക്കിലൂടെയും കുട്ടികളെ വായനയുടെ പ്രാധാന്യത്തെകുറിച്ച് പറഞ്ഞ് കുട്ടികളിലേക്ക് ഇറങ്ങിചെല്ലാൻ



അദ്ദേഹത്തിന് സാധിച്ചു. ഹെഡ്മാസ്റ്റർ ശ്രീ കെ സന്തോഷ്, എൽ പി എസ് ആർ ജി കൺവീനർ പ്രവീണ ടീച്ചർ, രമ്യ ടീച്ചർ എന്നിവർ സംസാരിച്ചു. പരിസ്ഥിതി ദിനത്തിൽ നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് ശ്രീ ബാലചന്ദ്രൻ കൊട്ടോടി സമ്മാനങ്ങൾ വിതരണം ചെയ്തു .


## വായനയുടെ മധുരം തേടി കുട്ടികൾ വായനശാലയിലെത്തി

ദൃശ്യമാധ്യമങ്ങളുടെ കടന്നുവരവില്ലാത്ത കാലത്തെ പഴയ കാല തലമുറകളിലെ വായനക്കാരുമായി കുട്ടികൾ സംവദിച്ചു. കാലിച്ചാനടുക്കം പൊതുജനവായനശാലയിലേക്കാണ് കാലിച്ചാനടുക്കം ഗവ: ഹൈസ്കൂളിലെ കുട്ടികളും അദ്ധ്യാപകരും വായന പക്ഷാചരണ പരിപാടിയുടെ ഭാഗമായി പുസ്തകങ്ങളെ തേടി വായനശാല സന്ദർശനം നടത്തിയത്. ലൈബ്രേറിയൻ കെ രതീഷ് പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തി . പഴയകാല വായന അനുഭവങ്ങളെ കുറിച്ച് എം.വി കുഞ്ഞമ്പു കെ.കെ



അബൂബക്കർ കെ.പി മോഹനൻ എന്നിവർ കുട്ടികളുമായി സംവദിച്ചു. വായന ദിന ത്തിന്റെ പ്രാധാന്യ ത്തെ കുറിച്ച് താലൂക്ക് ലൈബ്രറി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം എ വി മധു കുട്ടികളോട് വിശദീകരിച്ചു. അദ്ധ്യാപകരായ കെ.വി മനോജ് കുമാർ അനിത പി പി സുഷമ എന്നിവരും കെ ദിയ സി ധ്രുപദ് വിഎന്നീ കുട്ടികളും സംസാരിച്ചു വായനശാലപ്രസിഡണ്ട് കെ.വിനോദ് കുമാർ അദ്ധ്യക്ഷത വഹിച്ചു കെ.രതീഷ് സ്വാഗതവും ഇർഷാദ് കെ. പി നന്ദിയും പറഞ്ഞു. 1956 ൽ രൂപീകൃതമായ കാലിച്ചാനടുക്കം പൊതുജനവായന ശാല & ഗ്രന്ഥാലയത്തിൽ പുസ്തകങ്ങളുടെ ശേഖരമുണ്ട്,പഴയതും പുതിയതുമായ 10064 പുസ്തകങ്ങളുടെയും റഫറൻസ് ബുക്കുകളുടെയും ശേഖരമുണ്ട്.










### രാജ്യ പുരസ്കാർ റാലി

കേരള ഗവർണറുടെ വസതിയായ രാജ്ഭവനിൽ (തിരുവനന്തപുരം)ജൂൺ 19 ന് നടക്കുന്ന രാജ്യ പുരസ്കാർ റാലിയിൽ നമ്മുടെ സ്കൂളിലെ നിരഞ്ജൻ ടി.വി (10 A ) പങ്കെടുത്തു.



വ്യായാമം എന്താണെന്ന് വ്യായാമത്തിൽ ഉൾപ്പെടാവുന്ന കായിക പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നമ്മുടെ വിനചര്യങ്ങളിൽ അടങ്ങിയ കായിക പ്രവർത്തനങ്ങൾ എന്താണ് എന്താണെന്നും വിശദീകരിച്ചു കായിക ക്ഷമതഎന്താണെന്നും കാര്യക്ഷമത ഘടകങ്ങൾ എന്തൊക്കെയാണെന്നും ഒരു വ്യക്തിയിൽ ഉണ്ടായിരിക്കുന്ന കായിക ക്ഷമത എങ്ങനെ മനസ്സിലാക്കാൻ സാധിക്കും എന്നും അതിനുപയോഗിക്കുന്ന ടെസ്റ്റ് എന്തൊക്കെയാണെന്നും എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്താൽ കായിക ക്ഷമത നേടിയെടുക്കാൻ സാധിക്കും എന്നുള്ള ധാരണ കുട്ടികളിൽ ഉണ്ടാക്കി.

## അന്താരാഷ്ട്ര യോഗ ദിനം

അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഭാഗമായി സ്പെഷ്യൽ അസംബ്ലി സംഘടിപ്പിച്ചു. അസംബ്ലിയിൽ സീനിയർ അസിസ്റ്റൻറ് പത്മനാഭൻ സാർ യോഗയുടെ പ്രാധാന്യത്തെ പറ്റി വിവരിച്ചു തുടർന്ന് ഇഷാനി, ശ്രീജിത്ത്, ശ്രീനന്ദ എന്നീ കുട്ടികൾ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു തുടർന്ന് കുട്ടികളുടെ നേതൃത്വത്തിൽ യോഗാ ഡാൻസ് നടന്നു.




## BRAIN FEAST

കുട്ടികളിൽ വായന വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി പൊതുവിജ്ഞാന പത്രവാർത്ത ക്വിസ് നടത്താൻ ആരംഭിച്ചു

## ഉച്ചഭക്ഷണ നിധിയിലേക്ക് സ്നേഹപൂർവ്വം




# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള സംസ്ഥാന സർക്കാരിൻറെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഭാഗമായി 2025-26 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് കാലിച്ചടുക്കം ഗവൺമെൻറ് ഹൈസ്കൂളിൽ 2025 ജൂൺ മൂന്നിന് തുടക്കം കുറിച്ചു ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിലായി വിവിധ മോഡ്യൂളുകൾ പ്രകാരം ബോധവൽക്കരണ ക്ലാസുകളും വീഡിയോ പ്രദർശനവും വിവിധ പ്രവർത്തനങ്ങളും നടത്തി.

## വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ്



ജൂൺ അഞ്ചിന് വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പ് സ്കൂൾ സൗന്ദര്യവത്കരണം എന്ന വിഷയത്തിലാണ് ക്ലാസ് നടത്തിയത് പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് പ്രത്യേക അസംബ്ലിയിൽ ഹെഡ്മാസ്റ്റർ ശ്രീ സന്തോഷ് സാർ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സന്ദേശം നൽകി ഓരോ ക്ലാസിലും ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ ശുചിത്വ ക്ലാസ് നടത്തി വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചും ശുചിത്വ ശീലങ്ങളെക്കുറിച്ചും എങ്ങനെ ശുചിത്വം പാലിക്കാം എന്നതിനെക്കുറിച്ചും ക്ലാസ് എടുത്തുഹരിത ക്യാമ്പിന്റെ ലക്ഷ്യങ്ങളെ കുറിച്ചും ഹരിത ക്യാമ്പസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളെ കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കി എണ്ണപ്പാറ ഹെൽത്ത് സെൻററിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീമതി രമ്യ മാഡത്തിന്റെ പ്രത്യേക ശുചിത്വ ക്ലാസ് കുട്ടികൾക്ക് ഏറെ പ്രയോജനപ്പെട്ടു.

## റോഡ് സുരക്ഷ -ട്രാഫിക് നിയമങ്ങൾ



ജൂൺ നാലിന് റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ എന്ന വിഷയമാണ് കൈകാര്യം ചെയ്തത് ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ റോഡ് നിയമങ്ങളുടെ ആവശ്യത്തെ കുറിച്ചും പ്രധാന റോഡ് നിയമങ്ങളെക്കുറിച്ചും കുട്ടികൾക്ക് പറഞ്ഞു കൊടുത്തു ട്രാഫിക് സിഗ്നൽസ് കുട്ടികൾക്ക് പരിചയപ്പെടുത്തി വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കി റോഡ് സുരക്ഷയെക്കുറിച്ചും വെള്ളരിക്കുണ്ട് ആർടിഒ ശ്രീ ദിനേശൻ സാറുടെ പ്രത്യേക ക്ലാസ് കുട്ടികളുടെ നല്ലൊരു അവബോധം ഉണ്ടാക്കാൻ സഹായിക്കുമായി കുട്ടികളിൽഅവബോധം ഉണ്ടാക്കി റോഡ് സുരക്ഷയെ കുറിച്ച് വെള്ളരിക്കുണ്ട് ആർടിഒ ശ്രീ ദിനേശൻ സാറുടെ പ്രത്യേക ക്ലാസ് കുട്ടികളിൽഅവബോധം ഉണ്ടാക്കാൻ സഹായകമായി കുട്ടികൾ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കി

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം

ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സ്പെഷ്യൽ അസംബ്ലിയസംഘടിപ്പിച്ചു. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഈ വർഷം എല്ലാ സ്കൂളുകളിലും




സുംബാ ഡാൻസ് പ്രാക്ടീസ് ചെയ്തു .കുട്ടികളിലെ മാനസിക പിരിമുറുക്കവും ശാരീരിക വ്യായാമവും നൽകുമെന്നതിനാൽ ഇത് കുട്ടികളെ ലഹരിയിലേക്ക് വഴിതെറ്റാതെ സഹായിക്കും . ഇത് കൂടാതെ ഈ വർഷം നമ്മുടെ സ്കൂളിൽ എസ് പി സി സ്കൗട്ട് ആൻഡ് ഗൈഡ്സ് ലിറ്റിൽസ് കുട്ടികളുടെ നേതൃത്വത്തിൽ കാലിചാനടുക്കം ടൗണിലേക്ക് ലഹരി വിരുദ്ധ യാത്ര നടത്തി

## വിവിധ മത്സര വിജയികൾ





പഞ്ചായത്ത് അംഗം ടി.എസ്.നജി : ആവശ്യപ്പെടുന്നുണ്ട്.

കാലിച്ചാനടുക്കം ഗവ.ഹൈസ്കുളിൽ നല്ലപാഠം അംഗങ്ങൾ സമാഹരിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് കൈമാറുന്നു. കോഓർഡിനേറ്റർമാരായ പി.പ്രമോദിനി, സി.എച്ച്.ഷബാന എന്നിവർ നേതൃത്വം നൽകി.

നല്ലപാഠം ക്ലബ്ബ് അംഗങ്ങൾ സമാഹരിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് കൈമാറുന്നു.



ഗോൾഡൻ ആരോ സർട്ടിഫിക്കറ്റ് നേടിയ ബുൾബുൾ അംഗങ്ങൾ

## ലഹരിവിരുദ്ധ പോസ്റ്ററുകൾ

ജി എച്ച് എസ് കാലിച്ചാനടുക്കം സ്കൂളിൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും അമ്പലത്തറ ജനമൈത്രി പോലീസിന്റെയും ആഭിമുഖ്യത്തിൽ എസ് പി സി കുട്ടികളുടെ നേതൃത്വത്തിൽ കാലിച്ചാനടുക്കം ടൗണിലെ കടകളിൽ ലഹരി വിരുദ്ധ പോസ്റ്ററുകൾ പതിപ്പിച്ചു. അമ്പലത്തറ പോലീസ് സ്റ്റേഷനിലെ ജനമൈത്രി പോലീസ് ഓഫീസർ ശ്രീ പ്രമോദ് , ഹെഡ്മാസ്റ്റർ കെ.സന്തോഷ്,സീനിയർ അസിസ്റ്റൻറും എസ് പി സി ചാർജുള്ള അധ്യാപകനുമായ കെ വി പത്മനാഭൻ തുടങ്ങിയവർ നേതൃത്വം നല്കി പതിച്ചു



## രക്ഷിതാക്കൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും ആയി ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് അമ്പലത്തറ പോലീസ് സ്റ്റേഷനിലെ പ്രമോദ് സാർ ക്ലാസ് എടുത്തു



## ക്ലാസ് പിടിഎ

2025 26 വർഷത്തെ എൽപി യുപി ഹൈസ്കൂൾ വിഭാഗം ക്ലാസ് പിടിഎ മീറ്റിങ്ങുകൾ യഥാക്രമം 18, 20 ,23 തീയതികളിലായി. നടന്നു.ഈ തീയതികളിൽ ആയി ഉച്ചക്ക് രണ്ടു മണിക്കാണ് പിടിഎ യോഗങ്ങൾ നടന്നത്.പിടിഎ യോഗങ്ങളിൽ രക്ഷിതാക്കളുടെ 'നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. ക്ലാസ് പിടിഎ യോഗത്തിനുശേഷം രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. സ്കൂളിലെ അധ്യാപകനും മോട്ടിവേഷൻ സ്പീക്കറുമായ അബ്ദുൽറഹ്മാൻ ക്ലാസ് കൈകാര്യം ചെയ്തു.





ബുൾബൂൾ അംഗങ്ങൾ സമാഹരിച്ച പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലേക്ക് കൈമാറുന്നു.